പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2441 — 19.07.2016 ൽ മറുപടിക്ക്

## വർദ്ധിച്ചുവരുന്ന വാഹന അപകടങ്ങൾ കുറയ്ക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ബാബു | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വാഹന അപകടങ്ങൾ കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) അമിത വേഗതയിലോടുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിച്ചു വരുന്നു. മദ്യപിച്ചും, അശ്രദ്ധമായും വാഹനം ഓടിക്കുന്നവരുടെ ലൈസൻസ് കണ്ടുകെട്ടുക, സസ്പെൻഷൻ, പിഴ ഈടാക്കൽ തുടങ്ങിയ നടപടികൾ നടപ്പിലാക്കി വരുന്നു. വാഹനാപകടങ്ങളുടെ സാന്ദ്രത കൂടിയ ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തി പൊതുമരാമത്ത് വകുപ്പിന്റെയും മറ്റ് വകുപ്പുകളുടേയും സഹായത്തോടെ തിരുത്തൽ നടപടികൾ സ്വീകരിച്ചു വരുന്നു. ട്രാഫിക് / ഹൈവേ / റഡാർ യൂണിറ്റുകളുടെ സേവനം ലഭ്യമാക്കിയും, പ്രധാന റോഡുകളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചും, സ്പീഡ് റഡാർ, ഇന്റർസെപ്റ്റർ വാഹനങ്ങൾ, പട്രോളിംഗ് എന്നിവയുടെ സഹായത്താൽ കർശന വാഹന പരിശോധന നടത്തി വരുന്നു. ട്രഫിക് ബോധവൽക്കരണ പരിപാടിയായ റോഡ് സുരക്ഷാ സന്ദേശം "ശുഭയാത്ര |

2015" എന്ന പേരിൽ നടപ്പിലാക്കി വരുന്നു. കൂടാതെ ദേശീയ സുരക്ഷാ വാരാചരണം എല്ലാ വർഷവും നടത്തി വരുന്നു.

(ബി) അശ്രദ്ധമൂലം വാഹനം ഓടിച്ച് അപകടത്തിൽപെട്ട് മരണം സംഭവിക്കുന്ന കേസുകളിൽ നിലവിലുള്ള നിയമം മാറ്റി കർശനനിയമം നടപ്പിലാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ശിക്ഷാ നടപടികൾ കൈകൊള്ളുന്നത്. ഇതിൽ ഭേദഗതി വരുത്തുവാൻ കേന്ദ്ര സർക്കാരിനെ അധികാരമുള്ളു. കേന്ദ്ര വാഹന നിയമ ഭേദഗതി പരിഗണനയിലാണ്.

(സി) 2016 ൽ മാത്രം സംസ്ഥാനത്ത് എത്ര വാഹന അപകടങ്ങൾ നടന്നിട്ടുണ്ടെന്നും ഇതിൽ എത്ര പേർ മരണപ്പെട്ടുവെന്നും വെളിപ്പെടുത്താമോ?

(സി) 2016 ജനുവരി മുതൽ ജൂൺ വരെ 19819 വാഹന അപകടങ്ങളിൽ 2209 പേർ മരണമടഞ്ഞിട്ടുണ്ട്.

സെക്ഷൻ ഓഫീസർ